ഹദീസ്

ശറഫുദ്ദീൻ അബ്ദുല്ല
sharafudheen1957@gmail.com

# അതിശയിപ്പിക്കുന്ന യുവത്വം

عَنْ عُقْبَةُ بْن عَامِر رَضِي اللَّه عنْهُ أَنّ النّبىّ صَلَّى ٱللَّهُ عَلَيْهِ وَسَلَّمَ قال: إِنَّ اللَّهَ لَيَعْجَبُ مِنَ الشَّابِّ الَّذِي لَيسَتْ لَهُ صَبْوَة (رواه أحمد والطّبراني).

**ഉഖ്ബത്തുബ്നു ആമിറി(റ)ൽ നിന്ന്. നബി (സ) പറഞ്ഞു: ചപലതയില്ലാത്ത യുവാവിന്റെ കാര്യത്തിൽ അല്ലാഹു അതിശയപ്പെടും (അഹ്മദ്, ത്വബറാനി).**

ലോകത്തേറ്റവും കൂടുതൽ യുവാക്കളുള്ള നാട് ഇന്ത്യയാണെന്ന് പറയാറുണ്ട്. പക്ഷേ ഈ യുവശക്തി പലനിലയിൽ അധഃപതിക്കുന്നത് നാം കണ്ടുകൊണ്ടിരിക്കുന്നു. അവരിൽ വലിയൊരു വിഭാഗം മദ്യത്തിനും മയക്കുമരുന്നിനും അടിപ്പെട്ടുപോയിരിക്കുന്നു. അതിനാൽ ലക്ഷ്യബോധമില്ലാത്ത, കർമശേഷിയില്ലാത്ത തലമുറയാണ് വളർന്നുവരുന്നത്.

അടിയുറച്ച ദൈവവിശ്വാസമോ പാരത്രിക ജീവിതബോധമോ ഇല്ലാത്ത യുവാക്കളിലാണ് ഈ പ്രവണത കൂടുതൽ കണ്ടുവരുന്നത്. ഈ യുവതയെ നേർവഴിയിലേക്ക് ആനയിക്കാൻ, ഉറച്ച ദൈവിക - പാരത്രിക വിശ്വാസമല്ലാതെ വേറെ വഴികളില്ല. ഇസ്‌ലാമിക ജീവിതം മുറുകെപ്പിടിക്കുന്നവർക്ക് മാത്രമേ ഈ നാശത്തിൽനിന്ന് സ്വയം രക്ഷപ്പെടാനാവുകയുള്ളൂ.

ഓരോ മനുഷ്യായുസ്സിന്റെയും സുവർണ ഘട്ടമാണ് യുവത്വം. ഏതാണ്ട് പതിനഞ്ച് വയസ്സ് മുതൽ നാൽപത് വയസ്സു വരെയായി ഇതിനെ നമുക്ക് കാലനിർണയം നടത്താം. ചിലർ നാൽപതു വയസ്സിനു മുമ്പു തന്നെ യുവത്വം പിന്നിടാറുണ്ട്. ചിലരിൽ അമ്പത് വയസ്സ് വരെയും യുവത്വം കാണപ്പെടാറുമുണ്ട്.

മനഷ്യന്റെ ജന്മത്തെ കുറിച്ചും അവന്റെ പടിപടിയായ വളർച്ചയെ കുറിച്ചും ഖുർആനിൽ പലയിടങ്ങളിലും പരാമർശമുണ്ട്. മനുഷ്യൻ തന്റെ പൂർണ വളർച്ച പ്രാപിക്കുന്ന ഘട്ടമാണ് യുവത്വമെന്ന് ഖുർആൻ വ്യക്തമാക്കുന്നു: ''അങ്ങനെ അവന്ന് പ്രായപൂർത്തിയായി നാൽപത് വയസ്സ് എത്തുന്ന ഘട്ടം....'' (*അൽ അഹ്ഖാഫ്*: 15).

എന്നാൽ ഈ യുവത്വം നിലനിൽക്കുന്നില്ല, വീണ്ടും അവൻ ദൗർബല്യങ്ങൾക്കും ശക്തിക്ഷയത്തിന്നും വിധേയനാകുന്നു: ''അവശമായ അവസ്ഥയിൽനിന്ന് നിങ്ങളുടെ സൃഷ്ടി തുടങ്ങിയത് അല്ലാഹു തന്നെയാകുന്നു. പിന്നീട് ആ അവസ്ഥക്കു ശേഷം അവൻ നിങ്ങൾക്ക് ശക്തിയേകി. പിന്നെ ആ ശക്തിക്കു ശേഷം നിങ്ങളെ അവശരും വയോധികരുമാക്കി. താനുദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു'' (*അർറൂം*: 54).

പ്രവാചകന്മാരെ പിന്തുണച്ചതും അവരിൽ ആദ്യമായി വിശ്വസിച്ചതും യുവാക്കളായിരുന്നുവെന്ന് ഖുർആൻ പറയുന്നുണ്ട്. മൂസാ നബിയിൽ വിശ്വസിച്ച യുവാക്കളെ കുറിച്ച് ഖുർആൻ: ''അദ്ദേഹത്തിന്റെ ജനതയിലെ കുറച്ച് യുവാക്കളല്ലാതെ മൂസായിൽ വിശ്വസിച്ചില്ല'' (*യൂനുസ്* 83). സൂറത്തുൽ *കഹ്ഫിലും* യുവാക്കളെ കുറിച്ച് പറയുന്നു: ''തങ്ങളുടെ രക്ഷിതാവിൽ വിശ്വസിച്ച ഏതാനും യുവാക്കളായിരുന്നു അവർ, അവർക്ക് നാം ഹിദായത്ത് (മാർഗദർശനം) വർധിപ്പിച്ചുകൊടുത്തു'' (18:13).

യുവാവായ ഇബ്റാഹീം നബിയുടെ ചരിത്രം ഖുർആൻ അവതരിപ്പിക്കുന്നുണ്ട്. ഇറാഖിലെ ജനങ്ങളുടെ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും അദ്ദേഹം യുക്തിഭദ്രമായി ചോദ്യം ചെയ്തു. അവിടത്തെ ഏകാധിപതി നംറൂദുമായി സംവാദം നടത്തി, അദ്ദേഹത്തെ ഏകദൈവ വിശ്വാസത്തിലേക്ക് ക്ഷണിച്ചു. എല്ലാ സൗകര്യങ്ങളും സന്ദർഭങ്ങളും ഒത്തിണങ്ങിയിട്ടും പ്രഭുവിന്റെ ഭാര്യയുടെ നിർബന്ധത്തിന്ന് വഴങ്ങാതിരുന്ന യൂസുഫ്(അ) യുവാവായിരുന്നു. അന്ത്യപ്രവാചകൻ മുഹമ്മദ് നബി തിരുമേനിക്ക് ദിവ്യസന്ദേശം ലഭിച്ചതും യുവാവായ ഘട്ടത്തിലാണ്, നാൽപതാമത്തെ വയസ്സിൽ.

നബിയുടെ അനുയായികളിൽ ഭൂരിഭാഗവും യുവാക്കളായിരുന്നു. അബൂബക്ർ(റ) മുപ്പത്തിയെട്ടാം വയസ്സിലും ഉമർ(റ) മുപ്പതാം വയസ്സിലുമാണ് ഇസ്‌ലാം സ്വീകരിച്ചത്. അലി, അബ്ദുല്ലാഹിബ്നു മസ്ഊദ്, മിസ്അബ്, സഈദുബ്നു സൈദ്, അർഖം, ഖബ്ബാബ് തുടങ്ങി നൂറുകണക്കിൽ സ്വഹാബികൾ യുവാക്കളായിരുന്നു.

നബി (സ) യുവാക്കൾക്ക് വലിയ പ്രാധാന്യം നൽകിയിരുന്നു, പ്രബോധന പ്രവർത്തനങ്ങൾ കൂടുതലായും നടത്തിയത് യുവാക്കളിലായിരുന്നു.

അതുകൊണ്ടുതന്നെ നബി(സ)യിൽ കൂടുതലായി വിശ്വസിക്കുകയും നബി(സ)യെ സഹായിക്കുകയും ശക്തിപ്പെടുത്തുകയും നബിയുടെ ആദർശം വൻതോതിൽ പ്രചരിപ്പിക്കുകയുമൊക്കെ ചെയ്തത് യുവാക്കളായി

രുന്നു. ധാരാളം പ്രയാസങ്ങൾ അവർ സഹിക്കേണ്ടി വന്നിട്ടുണ്ട്.

അല്ലാഹുവിനെ പൂർണമായി അനുസരിച്ചുകൊണ്ട് ഇബാദത്തുക ളിൽ നിരതരായ യുവാക്കളെ കുറിച്ച് നബി (സ) പറഞ്ഞു: 'ഏഴു വിഭാഗം ആളുകൾക്ക് പരലോകത്ത് മഹ്ശറിൽ ഒരു തണലും ഇല്ലാത്ത ആ നാളിൽ അല്ലാഹു പ്രത്യേക തണൽ വിരിച്ചു കൊടുക്കും.... അതിലൊരു വിഭാഗം അ ല്ലാഹുവിനെ അനുസരിച്ച് ജീവിക്കുന്ന യുവാവാണ്.'

നബിയുടെ സൈനിക നേതൃ ത്വത്തിലുണ്ടായിരുന്ന ഒട്ടുമിക്കവരും യുവാക്കളായിരുന്നു. അലിയ്യുബ്നു അബീത്വാലിബ്, ഹംസ, ജഅ്ഫർ, ഉസാമത്തുബ്നു സൈദ്, അബ്ദുല്ലാ ഹിബ്നു റവാഹ, അബൂ ഉബൈദ, ഖാലിദുബ്നുൽ വലീദ്, അംറുബ്നുൽ ആസ്, സഅ്ദുബ്നു അബീവഖാസ്....

സത്യമാർഗത്തിൽ അടരാടുകയും സഹിക്കുകയും വലിയ സേവനങ്ങൾ അർപ്പിക്കുകയും ചെയ്യുന്ന യുവാക്കൾ അല്ലാഹുവിന്റെ സവിശേഷ പ്രീതി നേ ടിയെടുക്കുമെന്നാണ് ഈ ഹദീസ് പ ഠിപ്പിക്കുന്നത്. അവരുടെ ചടുലതയും വീറും ഉശിരുമെല്ലാം കണ്ട് അല്ലാഹു അതിശയപ്പെടുമെന്ന് ആലങ്കാരിക ഭാ ഷയിൽ പറഞ്ഞിരിക്കുന്നു. അതിനാൽ യുവാക്കൾ അവരുടെ യുവത്വം ഒരിക്ക ലും പാഴാക്കിക്കളയരുത്. സൽക്കർമ ങ്ങൾ കൊണ്ട് ഈ ഘട്ടത്തെ സമ്പന്ന മാക്കാൻ കഴിയണം.

ഇസ്‌ലാമിക പ്രബോധന പ്രവർ ത്തനങ്ങളിലും സാമൂഹിക സേവന രം ഗങ്ങളിലും നിരതരാകണം. ഇല്ലെങ്കിൽ പാഴാക്കിക്കളഞ്ഞ ആ യുവത്വം പരലോ കത്ത് വിചാരണ ചെയ്യപ്പെടുമെന്ന് നബി (സ) മുന്നറിയിപ്പ് നൽകുന്നു. ●